(ബി) കൊണ്ടുവന്ന ഇറച്ചിക്കോഴികളുടെ എണ്ണം ലഭ്യമല്ല. കഴിഞ്ഞ നാലു സാമ്പത്തിക വർഷത്തിലോരോന്നിലും ലഭിച്ച നികുതി വരുമാനത്തിന്റെ ഏകദേശ കണക്ക് ചുവടെ ചേർക്കുന്നു:

വർഷം	ഏകദേശ നികുതി വരുമാനം
2001–2002	12.80 കോടി രൂപ
2002–2003	20.32 ,,
2003–2004	20.94 ,,
2004–2005	26.40 ,,

(സി) നികുതി വെട്ടിപ്പ് തടയുന്നതിന്റെ ഭാഗമായി ഇറച്ചിക്കോഴിയെ പ്രവേശന നികുതി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. കൂടാതെ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനവും ശക്തമാക്കിയിട്ടുണ്ട്.

പുതിയ ട്രഷറി സ്ഥാപിക്കാൻ നടപടി

39 [2648] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ട്രഷറികൾ ഉണ്ട്;

(ബി) നടപ്പു സാമ്പത്തിക വർഷം പുതുതായി ട്രഷറികൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എവിടെയൊക്കെ;

(ഡി) ഇനി എവിടെയെങ്കിലും ഇവ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 23 ജില്ലാ ട്രഷറികൾ ഉൾപ്പെടെ സംസ്ഥാനത്ത് ഇപ്പോൾ 189 ട്രഷറികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) കണ്ണൂർ ജില്ലയിലെ ആലക്കോട്, മലപ്പുറം ജില്ലയിലെ വണ്ടൂർ, തൃശ്ശൂർ ജില്ലയിലെ മണലൂർ, ആലപ്പുഴ ജില്ലയിലെ മാന്നാർ, കൊല്ലം ജില്ലയിൽ ചവറ, ചടയമംഗലം, തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ എന്നിവിടങ്ങളിൽ (ആകെ 7).

(ഡി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ലോട്ടറി നറുക്കെടുപ്പുകൾ വിവിധ സ്ഥലങ്ങളിൽ നടത്താൻ നടപടി

40 [2649] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി നറുക്കെടുപ്പുകൾ അധികവും തിരുവനന്തപുരത്ത് തന്നെ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണമെന്താണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലോട്ടറി നറുക്കെടുപ്പ് സുതാര്യമാണെന്ന് ജനങ്ങൾക്ക് ബോദ്ധ്യമാകുംവിധം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വച്ച് നറുക്കെടുപ്പ് നടത്തുന്ന പഴയ സംവിധാനം പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2005-ലെ കേരള പേപ്പർ ലോട്ടറീസ് (റഗുലേഷൻ) റൂൾ ഖണ്ഡിക 8 പ്രകാരം സർക്കാർ തീരുമാനിക്കുന്നതിനനുസരിച്ച് തിരുവനന്തപുരത്തുവച്ചോ, സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിൽവച്ചോ നറുക്കെടുപ്പ് നടത്താവുന്നതാണ്.

(ബി) സംസ്ഥാനത്ത് പേപ്പർ ലോട്ടറികളുടെ നറുക്കെടുപ്പ് ജനങ്ങളുടെ സാന്നിദ്ധ്യത്തിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമുള്ള ജഡ്ജിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ വളരെ കാര്യക്ഷമമായും സുതാര്യവുമായിട്ടും തന്നെയാണ് നടത്തിവരുന്നത്.

ഓൺലൈൻ ലോട്ടറിക്കാരുടെ നികുതി കുടിശ്ശിക

41 [2650] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ലോട്ടറിക്കാരിൽനിന്നും ലഭിക്കുവാനുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നികുതി വകുപ്പിന്റെ നടപടിയെതുടർന്ന് എത്ര കോടി രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്; ഇനി എന്തു തുക പിരിഞ്ഞുകിട്ടാനുണ്ട്;

(സി) നികുതി കുടിശ്ശിക നൽകാത്തവരുടെമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഓൺലൈൻ ലോട്ടറിക്കാരിൽനിന്നും ലഭിക്കുവാനുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ (അസസ്മെന്റ്) പൂർത്തിയായി വരുന്നു.

(ബി) 2004-05 വർഷത്തിൽ ഓൺലൈൻ ലോട്ടറിയിൽനിന്ന് 109.23 ലക്ഷം രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. പിരിഞ്ഞു കിട്ടാനുള്ള തുകയുടെ കണക്ക് ശേഖരിച്ചു നൽകുന്നതാണ്.

(സി) എസ്.എൽ.പി. 4802/05-ൽ 4-4-2005-ലെ സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവിനെ തുടർന്ന് നികുതി കുടിശ്ശിക നൽകാത്തവർക്കെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ നിർത്തി വച്ചിരിക്കുകയാണ്.

ഓൺലൈൻ ലോട്ടറി കേസ്സുകൾ

42 [2651] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ലോട്ടറിയുമായി ബന്ധപ്പെട്ട് സർക്കാരിനെതിരെ കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ്സുകൾ ഏതൊക്കെയാണ്; വിശദാംശം വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly